ഭരണഭാഷ-മാതൃഭാഷ

# കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം - ലാൽ കെ.ഐ. പെൻ. 592041)**

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം 2024-25 - അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമര്ശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/12/2024, 27/12/2024 തിയതികളിലെ ഡി ജി ഇ/20836/2024 - എ1 നമ്പർ സർക്കുലർ
2. അദ്ധ്യാപകര് ഓൺലൈൻ മുഖേന സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷകൾ
3. ട്രാന്സ്ഫർ & പോസ്റ്റിഗ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ്
4. 03/02/2025 ലെ ഈ ഓഫീസിലെ ഇതേ നമ്പർ താല്ക്കാലിക സ്ഥലം മാറ്റ ഉത്തരവ്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/03/2025 ലെ DGE/20836/2024 - A1 നമ്പർ കത്ത്

**ഉത്തരവ് നമ്പർ : എ 3 / 5232 (5) / 2024 / ഡി ഡി ഇ തീയതി : 28-03-2025**

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ 2024-25 അദ്ധ്യായന വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം അദ്ധ്യാപകർ ഓൺലൈൻ മുഖേന പരാമർശം 2 ആയി സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് പരാമർശം (3) പ്രകാരം ട്രാൻസ്ഫർ & പോസ്റ്റിംഗ് വെബ് സൈറ്റിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. 2024-25 അധ്യായന വർഷത്തിൽ അധ്യാപകരുടെ അന്തർജില്ല സ്ഥലം മാറ്റത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്ക് പരാമർശം 3 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പരാമർശം (4) പ്രകാരം താല്ക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അദ്ധ്യാപകർക്ക് അന്തർജില്ല സ്ഥലംമാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No. | Name | Designation | Parent School | Allotted School | Remarks |
|---|---|---|---|---|---|
| 1. | BIJU A | PT JUNIOR LANGUAGE TEACHER HINDI | MODEL U P S PALLICKAL, ALAPPUZHA | GUPS ERATHUVADAKKU | GENERAL |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന മേൽ സൂചിപ്പിച്ചിരിക്കുന്ന അദ്ധ്യാപകരുടെ സർവ്വീസ് സീനിയോറിറ്റി കൊല്ലം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. കൊല്ലം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപകർ ഈ ജില്ലയിലെ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുൻപ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ആഫീസ് മേധാവി മേലൊപ്പ് ചാർത്തി സേവന പുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

അന്തര്ജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം 5 ലെ നിർദ്ദേശാനുസരണം 30/04/2025 നകം നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്കൂളിൽ നിന്നും വിടുതൽ ചെയ്ത് കൊല്ലം ജില്ലിയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി സ്ഥലംമാറ്റ ഉത്തരവ് യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും മേൽ പറഞ്ഞ അധ്യാപകർ വിടുതൽ ചെയ്യുന്ന തീയതിയും ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ സ.ഉ. (അച്ചടി) നം. 42/2021/ഉ.ഭ.പ.വ തിയതി 23/08/2012 പ്രകാരം കൊല്ലം ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം നിരീക്ഷണ കാലയളവ് പൂർത്തിയാക്കേണ്ടതാണ്.

Signed by
Lal K I
Date: 28-03-2025 15:17:17

ലാൽ കെ.ഐ. (പെൻ-592041)
വിദ്യാഭ്യാസ ഉപഡയറക്ടർ,
കൊല്ലം

സ്വീകര്ത്താവ് :

ബന്ധപ്പെട്ട അധ്യാപകർക്ക്

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക്
2. ബന്ധപ്പെട്ട പ്രധാനാധ്യാപകർക്ക്
3. കരുതൽ ഫയൽ